ആദിവാസികൾക്ക് ഭൂമി പതിച്ചു നൽകാൻ ഊർജ്ജിത നടപടി

122 (4178) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇനി എത്ര ആദിവാസികൾക്ക് ഭൂമി പതിച്ചു നൽകാനുണ്ട് ;

(ബി) ഭൂമി ലഭിക്കാനുള്ളവർക്ക് സമയബന്ധിതമായി ഭൂമി പതിച്ചു നൽകുന്നതിന് ഊർജ്ജിത നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഭൂരഹിതരായ 14230 ആദിവാസി കുടുംബങ്ങൾക്ക് ഭൂമി പതിച്ചുനൽകുവാനുണ്ട്.

(ബി&സി) ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യുന്നതിന് താഴെപ്പറയുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട് :

1. വനാവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ വനഭൂമിയിൽ താമസിക്കുന്ന അർഹരായ ആദിവാസികൾക്ക് ഭൂമി നൽകുന്ന പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ തുടർന്നുവരുന്നു.

2. ഭൂരഹിത ആദിവാസികളുടെ പുനരധിവാസത്തിന് ഭൂമി വാങ്ങുന്നതിന് ആദിവാസി പുനരധിവാസ വികസന മിഷന് ഫാസ്റ്റ്ട്രാക്ക് പ്രോജക്ട് ഗൈഡ്ലൈൻസ് ബാധകമാക്കിയിട്ടുണ്ട്.

3. ഏറ്റവും കൂടുതൽ ഭൂരഹിത ആദിവാസികളുള്ള വയനാട് ജില്ലയിൽ ഫാസ്റ്റ്ട്രാക്ക് പ്രോജക്ട് ഗൈഡ്ലൈൻസ് പ്രകാരം 50 കോടി രൂപ ചെലവിൽ 1000 ഏക്കർ ഭൂമി വിലയ്ക്ക് വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

4. സുപ്രീംകോടതി എംപവേർഡ് കമ്മിറ്റി മുമ്പാകെ നിലവിലുള്ള NPV കേസ്സുമായി ബന്ധപ്പെട്ട് ലഭിക്കാനുള്ള ഭൂമിയും ആദിവാസി പുനരധിവാസത്തിനായി വിനിയോഗിക്കുന്നതാണ്.

വയനാട് ജില്ലയിലെ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യാൻ നടപടി

123 (4179) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വയനാട് ജില്ലയിലെ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly